# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ പെരിങ്ങോട്ടുകര

# അക്കാദമിക മാസ്റ്റർ പ്ലാൻ

റവന്യൂ ജില്ല: തൃശ്ശൂർ

വിദ്യാഭ്യാസ ജില്ല: തൃശ്ശൂർ

ഉപജില്ല : ചേർപ്പ്

# ഉള്ളടക്കം

ആമുഖം....................................................................................................................3
സ്കൂൾ ചരിത്രം............................................................................................................4
ലക്ഷ്യങ്ങൾ..................................................................................................................6
അധ്യാപകരും വിവരങ്ങളും...........................................................................................8
ഭിന്ന ശേഷിയുള്ള കുട്ടികളുടെ പട്ടിക..........................................................................9
നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ.............................................................................9
മറ്റു ഐ. സി. ടി സാധ്യതകൾ........................................................................................10
പ്രശ്നങ്ങൾ, വെല്ലുവിളികൾ...........................................................................................11
അക്കാദമികം.........................................................................................................11
ഭൗതികം...............................................................................................................12
സാമൂഹികം..........................................................................................................12

# ആമുഖം

125 വർഷം പിന്നിട്ട പെരിങ്ങോട്ടുകര ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ വരും വർഷങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലൂടെ മികവിന്റെ ഔന്നത്യത്തിൽ എത്തിക്കാൻ ആഗ്രഹിക്കുന്ന രക്ഷിതാക്കളുടെയും അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും കൂട്ടായ്മ ഈ വിദ്യാലയത്തിന്റെ സവിശേഷതയാണ്. എസ് എസ് എൽ സി ക്കും പ്ലസ്സ് വിനും മികച്ച വിജയം നേടുന്ന ഈ വിദ്യാലയത്തിന് ,ലഭ്യമാകുന്ന സാമൂഹിക പിന്തുണ വളരെയേറെ ആണ്. എന്നിരുന്നാലും സമൂഹത്തിന്റെ ചില ചിന്തകൾ (അൺ എയ്ഡഡ് വിദ്യാലയങ്ങളോടുള്ള ആഭിമുഖ്യം.......) വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വരുത്തുന്നുണ്ട്. എന്നാൽ സമീപകാലത്ത് വിദ്യാലയത്തിലെ മികച്ച ഭൗതിക സാഹചര്യങ്ങൾ, വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നുണ്ട്. വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികൾക്കും തുല്യ പരിഗണന നൽകിക്കൊണ്ട് മികവാർന്ന വ്യക്തിത്വങ്ങൾ ആക്കി മാറ്റുക എന്ന മഹത്തായ ലക്ഷ്യം മനസ്സിൽ കണ്ടുകൊണ്ട് താഴെ പറയുന്ന മേഖലകളെ ശാക്തീകരിക്കാൻ തീരുമാനിച്ചു

അക്കാദമികം

ഭൗതികം

സാമൂഹികം

സാമ്പത്തികം

അക്കാദമിക രംഗത്ത് മികവ് നേടുന്നതിനായി ലാംഗ്വേജ് ലാബുകൾ കമ്പ്യൂട്ടർ ലാബ് സയൻസ് ലാബ് എന്നിവ മെച്ചപ്പെടുത്താനും കുട്ടികൾക്ക് വേണ്ടിയുള്ള പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും തീരുമാനിച്ചു. സാമൂഹിക വെല്ലുവിളികളെ (ലഹരിയോടുള്ള ആഭിമുഖ്യം തുടങ്ങിയവ) തുടച്ചുനീക്കുന്നതിനുള്ള കർമ്മ പരിപാടിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസുകൾ നടത്തണം. പൂർവ്വ വിദ്യാർത്ഥി പൊതുസമൂഹത്തിന്റെ സഹായത്തോടെ സ്ഥാപനത്തെ മെച്ചപ്പെടുത്തണം. പഠന അനുബന്ധ പ്രവർത്തനങ്ങൾക്ക് സഹായം നൽകാൻ പ്രാദേശിക സാംസ്കാരിക കൂട്ടായ്മകളെ ഉപയോഗപ്പെടുത്തണം

ചുരുക്കത്തിൽ മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാനും അതിലൂടെ വിദ്യാലയത്തെ വരുന്ന വർഷത്തിൽ മാതൃക വിദ്യാലയം ആക്കി മാറ്റാനും കഴിയണം

# സ്കൂൾ ചരിത്രം

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പരിധിയിൽ വരുന്ന ഒരു വിദ്യാലയമാണ് ഇത്. താന്ന്യം ഗ്രാമപഞ്ചായത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് 1891 ലാണ് ഈ
വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്.

ആദ്യകാലത്ത് സർക്കാർ ഏ.വി. പ്രൈമറി സ്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം അറിയപ്പെട്ടിരുന്നത്. എ . വി എന്നത് ആംഗ്ലോ വർണ്ണാകുലർ എന്നതിന്റെ ചുരുക്കം ആണെന്ന് കരുതപ്പെടുന്നു. സർക്കാർ എ. വി പ്രൈമറിയിലെ പ്രഥമ അധ്യാപകന്റെയോ അധ്യാപികയുടെയോ പേരുകൾ അറിയാൻ കഴിഞ്ഞിട്ടില്ല ഏകദേശം 40 കുട്ടികൾ ഇവിടെ ആദ്യവർഷത്തിൽ പ്രവേശനം നേടിയതായി രേഖകൾ വെളിപ്പെടുത്തുന്നു.

1919 ജൂൺ മാസത്തിൽ ഈ വിദ്യാ കേന്ദ്രം ലോവർ സെക്കൻഡറി സ്കൂളിലായി ഉയർത്തപ്പെട്ടു. എച്ച് എസ് പി (ഹൈസ്കൂൾ പെരിങ്ങോട്ടുകര ) എന്ന പേരിലാണ് പിന്നീട് സ്കൂൾ അറിയപ്പെട്ടത് .അന്ന് പെരിങ്ങോട്ടുകരയിലും പരിസരപ്രദേശങ്ങളിലും വേറെ ഹൈസ്കൂൾ ഇല്ലായിരുന്നു. നാട്ടിക വലപ്പാട് കാട്ടൂർ കാരാഞ്ചിറ, ചാഴൂർ . ആലപ്പാട്, അന്തിക്കാട് എന്നിവിടങ്ങളിൽ നിന്ന് കുട്ടികൾ ഈ വിദ്യാലയത്തിൽ എത്തിയാണ് പഠിച്ചിരുന്നത്. അധ്യാപകരിൽ പലരും ബ്രാഹ്മണ വിഭാഗത്തിൽ പെട്ടവരായിരുന്നു. തൃപ്രയാർ ക്ഷേത്രത്തിന്റെ സമീപത്ത് താമസിച്ച് ഇവിടേക്ക് നടന്നു വന്ന് അതിസമർത്ഥമായി അധ്യാപനം നടത്തിയിരുന്ന ധാരാളം അധ്യാപകരുണ്ടായിരുന്നു.

1934 മുതൽ 1946 വരെ ഇവിടെ അധ്യാപകനായി സേവനമനുഷ്ഠിച്ച ശ്രീ ഇ എസ് പരമേശ്വരയ്യർ സ്കൂളിൻറെ പുരോഗതിയെ പ്രധാനമായി കണ്ട വ്യക്തിത്വമാണ്. ശ്രീ സുകുമാരൻ പൊട്ടിക്കാട്ട് ,ശ്രീ കാവുണ്ണി കർത്താവ് , ശ്രീ. ഇട്ടുത്ര വാര്യർ , ശ്രീ എ ശങ്കര മേനോൻ സീതാ രാമയ്യർ പണ്ഡിറ്റ് രാഘവ പിഷാരടി ചിത്രശലഭ സന്ദേശം രചിച്ച ഉള്ളാട്ടിൽ ശങ്കര കുട്ടി മേനോൻ ടി വി നാരായണ അയ്യർ തുടങ്ങിയ പ്രഗൽഭരായ അധ്യാപകർ ഇവിടെ ക്ലാസുകൾ നയിച്ചിരുന്നു.ഈ വിദ്യാലയത്തിലെ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുള്ള പല പഴയ ഗ്രന്ഥങ്ങളും ആനുകാലികങ്ങളും അറിവിനെ സ്നേഹിക്കുന്ന അധ്യാപകർ ഇവിടെ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് 1950 കളിലെ ചങ്ക് വീക്കിലിയും മറ്റ് പ്രസിദ്ധീകരണങ്ങളും ഇവിടെ ലഭ്യമാണ് 1930 കളിലും40 കളിലും എച്ച്എസ്പി ഹൈസ്കൂൾ പെരിങ്ങോട്ടുകര യുടെ ജാതി കൊച്ചി രാജ്യത്തെങ്ങും

പരന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ നടത്തിയ
ഐതിഹാസികമായ സമരത്തിന്റെ ഫലമായിട്ടായിരുന്നു അത് സ്വാതന്ത്ര്യ ദാഹികളായ വിദ്യാർത്ഥികൾ ക്ലാസ് ബഹിഷ്കരിച്ച് പെരിങ്ങോട്ടുകര മൂന്നും കൂടിയ സെൻറർ വരെ ജാഥയായി പോയതും തുടർന്ന് ഏറ്റുവാങ്ങേണ്ടി വന്ന ശിക്ഷ നടപടികളും ആ തലമുറ ഓർമ്മയിൽ സൂക്ഷിക്കുന്നു സ്കൂളിനോട് ചേർന്ന് വിദ്യാർത്ഥികൾ സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങൾ കുറിച്ച് ചർച്ച ചെയ്തിരുന്ന ആൽത്തറ "സ്വാതന്ത്ര്യ ആൽത്തറ" എന്നപേരിൽ പിൽക്കാലത്ത് അറിയപ്പെട്ടു.

1990 ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സ്കൂളിനെ പഴയ പ്രതാപത്തിലേക്ക് തിരിച്ചുകൊണ്ടു വരാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അതിൻറെ ഫലമായി ഈ വിദ്യാലയത്തെ ഹയർ സെക്കന്ററിയായി ഉയർത്തി. 1991 ൽ ഹ്യൂമാനിറ്റീസ്
വിഭാഗത്തോടെ പെരിങ്ങോട്ടുകരയിൽ ഹയർസെക്കൻററി ആരംഭിച്ചു 1998 ൽ സയൻസ്കോമേഴ്സ് ഗ്രൂപ്പുകൾ കൂടി അനുവദിച്ചു സമീപപ്രദേശത്തെ വിദ്യാലയങ്ങളിൽ നിന്നെല്ലാം കുട്ടികൾ അഡ്മിഷൻ തേടിയെത്തി.

ഇപ്പോൾ ഈ വിദ്യാലയത്തിൽ യുപി, എച്ച്എസ് വിഭാഗത്തിൽ 151 കുട്ടികളും എച്ച്എസ്എസ് വിഭാഗത്തിൽ 480 കുട്ടികളും പഠിക്കുന്നു. കലാകായിക പരിശീലനം നൽകാൻ പ്രത്യേകം അധ്യാപകരില്ല എന്ന പരിമിതിയെ മറികടക്കാൻ പ്രാദേശിക പിന്തുണ ലഭിക്കുന്നുണ്ട് കൂടാതെ പി റ്റി എ, എസ് എം സി , എസ് എം ഡി സി , മാതൃ സംഗമം എന്നിവരുടെ എല്ലാവിധ പിന്തുണയും ഈ സ്കൂളിൻറെ ഒരു മുതൽക്കൂട്ട് തന്നെയാണ് തുടർച്ചയായി 15 വർഷം ഈ വിദ്യാലയത്തിൽ എസ്എസ്എൽസിക്ക് 100% വിജയവും ഹയർ സെക്കന്ററിയിൽ ഉന്നത വിജയശതമാനവും കരസ്ഥമാക്കുവാൻ സാധിച്ചിട്ടുണ്ട്

## ലക്ഷ്യങ്ങൾ

*ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും
കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.

*ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

*കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.

*ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.

*ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

*മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.

*പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക. ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക
പഠനത്തിനുംഅവസരമൊരുക്കുക.

*പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

*വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.

*മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക

*പഠനയാത്രകൾ പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ,
പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

*പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.

*ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.

*പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

*ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ

മെച്ചപ്പെടുത്തുക.
*പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
*തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.*കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർ ത്തനങ്ങളിൽ ഏർപ്പെടുക.
*പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠനപ്രവർ ത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
*കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
*മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
*ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
*കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
*ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# അധ്യാപകരും വിവരങ്ങളും

## 2025-26

| അധ്യാപകന്റെ പേര് | വിഷയം |
|---|---|
| GEETHA C R | HEAD MISTRESS |
| BINDU PERATH | HST MALAYALAM |
| ASHADEVI | HST SANSKRIT |
| SAUMYA J S | HST SOCIAL SCIENCE |
| SUJAIN P N | HST MATHS |
| ANILA JOSE | HST PHYSICAL SCIENCE |
| SURAJA M R | UPST |
| SEEJA THOMAS MOOTHEDAN | UPST |
| ABHILASHA | UPST |
| MRUDULA | UPST |
| RAJI K R | SCHOOL COUNSELLOR |
| SIBI | SPECIALIST EDUCATOR |

# ഭിന്ന ശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | വി. ഐ | എച്ച് ഐ | എം.ആർ | ഓട്ടിസം | പഠന പിന്നോക്കം | അംഗപരി മിതി | ആകെ |
|---|---|---|---|---|---|---|---|
| V | | | | | | | |
| VI | | | | | | | |
| VII | | | | | | | |
| VIII | | | | | | | |
| IX | | | | | | | |
| X | | | | | | | |
| ആകെ | | | | | | | |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | | |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | | |
| പെൺ കുട്ടികൾക്കുള്ള ടോയ്‌ലറ്റ് | | |
| കിണർ | | |
| ലൈബ്രറി | | |
| ചുറ്റുമതിൽ | | |
| കളിസ്ഥലം | | |
| അടുക്കള | | |
| കമ്പ്യൂട്ടർ ലാബ് | | |
| റീഡിംഗ് റൂം | | |
| സ്കൂൾ ബസ് | | |
| സ്റ്റേജ് | | |

| | | |
|---|---|---|
| ലാപ് ടോപ് | | |
| സൗണ്ട് സിസ്റ്റം | | |
| പ്രോജക്ടർ | | |
| ഗ്രീൻ ബോർഡ് | | |
| സ്മാർട്ട് ടി.വി | | |

## <u>മറ്റു ഐ. സി. ടി സാധ്യതകൾ</u>

| **സംവിധാനം** | **ഉണ്ട്/ഇല്ല** |
|---|---|
| ഇന്റർനെറ്റ് | ഉണ്ട് |
| വെബ്സൈറ്റ് | ഇല്ല |
| Blog | ഇല്ല |
| email Id | ഉണ്ട് |
| സ്മാർട്ട് ക്ലാസ് റൂം | ഉണ്ട് |
| പ്രിന്റർ | ഉണ്ട് |
| യൂട്യൂബ് ചാനൽ | ഉണ്ട് |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.

3.. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.

4. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

5. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.

6. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ

നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.

7. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

8. പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.

9. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.

10. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.

11. കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

## ഭൗതികം

1. ഭൂമിശാസ്ത്രപരമായ ഘടന.

2. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.

3. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം

എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല

4. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.

5. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ

പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ

കുറിച്ച് ധാരണയില്ല.

3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

4. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമയ പ്രതിഭകളുടെ സഹായം

വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

5. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും

കുട്ടികളിലും വികസിക്കുന്നില്ല.

6. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും

സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ

കഴിയുന്നില്ല.

# MASTERPLANS

# അക്കാദമിക പ്ലാൻ : സയൻസ്

പ്രവർത്തനം : 1

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ

ഉപമേഖല : ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികസഹായം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമാകരിക്കൽ കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |
| പ്രവർത്തനം : 2<br>പ്രവർത്തനത്തിന്റെ പേര് :<br>ഉപമേഖല : | ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ<br>ശാസ്ത്ര പഠനം | | | |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ: | ശാസ്ത്രത്തിന്റെ രീതി,ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജന നന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | 10000/-<br>(എസ്.എസ്.ജി ) |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 3<br>പ്രവർത്തനത്തിന്റെ പേര്<br>ഉപമേഖല | : പ്രതിഭകൾക്ക് വിദഗ്ദ പരിശീലനവും ക്ലാസ്സും നൽകൽ<br>: ശാസ്ത്ര പഠനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികസഹായം |
| പ്രതിഭകൾക്ക് വിദഗ്ദ പരിശീലനവും | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങൾളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ് ആർ ജി<br>എസ്.എസ് ജി | 5000/-<br>സ്പോൺസർ ഷിപ്പ് |
| പ്രവർത്തനം 4<br>പ്രവർത്തനത്തിന്റെ പേര്<br>ഉപമേഖല | : ശാസ്ത്രപഠനം രസകരമാക്കൽ<br>: ശാസ്ത്ര പഠനം | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്രസമൂഹ കേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം<br>3<br>യാത്രകൾ | സയൻസ് ക്ലബ്<br>പി ടി എ | 15000/-<br>ഒ എസ്എ |
| പ്രവർത്തനം 5<br>പ്രവർത്തനത്തിന്റെ പേര്<br>ഉപമേഖല | : ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക<br>: ശാസ്ത്ര പഠനം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | സ്കൂൾ തലശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ് | 10000/-<br>സി എസ് ആർ ഫണ്ട് |
| പ്രവർത്തനം : 6<br>പ്രവർത്തനത്തിന്റെ പേര്<br>ഉപമേഖല | : കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ<br>: ശാസ്ത്ര പഠനം | | | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ വേഗത്തിൽ മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങളും ഉപകരണങ്ങളും കുട്ടികൾ തന്നെ തയ്യാറാക്കി അവതരിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | സയൻസ് ക്ലബ് | |
| | | | | |

## മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം

പ്രവർത്തനം 1

പേര് : ശാസ്ത്ര പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തെ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ , സംവാദങ്ങൾ, സെമിനാറുകൾ സംഘടിപ്പിക്കൽ | പ്രതിമാസം | സയൻസ് | 2000/ |
| പ്രവർത്തനം 2<br>പേര് : ദിനാചരണങ്ങൾ | | | | |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ........യിൽ ആസൂത്രണം ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ നടത്തുന്നു. | ആവശ്യാനുസരണം | എസ് ആർ ജി അദ്ധ്യാപിക | 1000/ |
| പ്രവർത്തനം 3<br>പേര് : ശാസ്ത്രലാബ് നവീകരണം | | | | |
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ, രാസവസ്തുക്കൾ വിഷയാടിസ്ഥാനത്തിൽ ഇനം തിരിച്ച് ക്രമീകരിക്കുന്നു കാറ്റലോഗ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 3000/ |

പ്രവർത്തനം : 4
പേര് : ശാസ്ത്ര ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രത്തിന്റെവിശാലമായ അറിവ് നേടുന്നതിന് | അധിക വായനയ്ക്ക ഉപകരിക്കുന്ന പുസ്തകങ്ങൾ, ശാസ്ത്രവായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു | സയൻസ് ക്ലബ് | 4000/- |
| പ്രവർത്തനം : 5<br>പേര് : ശാസ്ത്ര മേളകൾ<br>ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്ക്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒരു | സയൻസ് ക്ലബ് | 3000/ |
| പ്രവർത്തനം : 6<br>പേര് ശാസ്ത്രയാത്രകൾ<br>ശാസ്ത്ര പഠനം രസകരമാക്കൽ | കുസാറ്റ് സന്ദർശനം ശാസ്ത്രപ്രദർശനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം മൂന്ന് യാത്രകൾ | സയൻസ്ക്ലബ് | 3000/- |
| പ്രവർത്തനം : 7<br>പേര് : ശാസ്ത്ര മൂല<br>ശസ്ത്ര പരീക്ഷണങ്ങൾ എളുപ്പത്തിൽ ചെയ്യുന്നതിന് | ശാസ്ത്ര പരിക്ഷണങ്ങൾ ചെയ്യുന്നതിന് ഉപയോഗശൂന്യമായ ഉപകരണങ്ങൾ സജ്ജമാക്കൽ | പ്രതിമാസം | സയൻസ് ക്ലബ് | 1000/- |

# അക്കാദമിക പ്ലാൻ

## ഗണിതം

പ്രവർത്തനം-1

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല : ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതലാബിൽ ലളിതമായ പ്രവർത്തനത്തിലൂടെ ഗണിതാഭിരുചി വളർത്തിയെടുക്കൽ | ലളിതമായ പ്രവർത്തനങ്ങളിലൂടെ ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ വിശദീകരിക്കുക, കാറ്റ്ലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | ആഴ്ച്ചയിൽ ഒരു ദിവസം | ഗണിതക്ലബ്ബ് | |

പ്രവർത്തനം-2

പ്രവർത്തനത്തിന്റെ പേര് : ഗണിതം ജനനന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ

ഉപമേഖല : ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത മനോഭാവം രൂപപ്പെടുത്തൽ | അനുഭവസമ്പത്തും പ്രഗത്ഭരുമായ ഗണിത അധ്യാപകരെക്കൊണ്ടുള്ള ക്ലാസും സംവാദവും | വർഷത്തിൽ 2 പ്രാവശ്യം | ഗണിതക്ലബ്ബ് | 2000/- (എസ്എസ്ജി) |

പ്രവർത്തനം-3

പ്രവർത്തനത്തിന്റെ പേര് : പ്രതിഭകൾക്ക് വിദഗ്ദ പരിശീലനവും ക്ലാസും നൽകൽ

ഉപമേഖല : ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപ്രതിഭകളെ വളർത്തിയെടുക്കൽ | ഗണിതത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന പ്രതിഭകൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | മാസത്തിൽ പ്രവൃത്തി ദിനമല്ലാത്ത ഒരു ശനിയാഴ്ച്ച | എസ്.ആർ.ജി | 5000/ (പൂർവ്വ വിദ്യാർത്ഥി സംഘടന) |

പ്രവർത്തനം-4

പ്രവർത്തനത്തിന്റെ പേര് : പഠനയാത്ര

ഉപമേഖല : ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ | കുസാറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിക്കുക | പ്രതിവർഷം । പ്രാവശ്യം | ഗണിത ക്ലബ് പി.ടി.എ | വിദ്യാർത്ഥികളുടെ സഹായത്തോടെ. സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് സഹായം |

പ്രവർത്തനം-5

പ്രവർത്തനത്തിന്റെ പേര് : അടിസ്ഥാന ഗണിത വികസനം

ഉപമേഖല : ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക | ആക്ടിവിറ്റി മെത്തേഡിലൂടെ അടിസ്ഥാന ആശയങ്ങൾ അവതരിപ്പിക്കുന്നു | ആഴ്ചയിൽ 1 മണിക്കൂർ | ഗണിത ക്ലബ് | |

പ്രവർത്തനം-6

പ്രവർത്തനത്തിന്റെ പേര് : ഗണിതം ജീവിതം തന്നെ

ഉപമേഖല : ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിന് ദൈനംദിന ജീവിതവുമായുള്ള ബന്ധം മനസ്സിലാക്കിക്കൊടുക്കുക | സമീപപ്രദേശത്തുള്ള ബാങ്കുകൾ, ചെറുകിട വ്യവസായസ്ഥാപനങ്ങൾ സന്ദർശിക്കുക | 3 മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് പൂർവ്വ വിദ്യാർത്ഥി സംഘടന | 2000/- (എസ്.എസ്.ജി) |

# അക്കാദമിക പ്ലാൻ - ഹിന്ദി

പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : ഹിന്ദിയിൽ അക്ഷരങ്ങൾ, പദങ്ങൾ ഉറപ്പിക്കൽ .

മേഖല - ഉപമേഖല : ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിഭാഷ വായിക്കാനും എഴുതാനുമുള്ള പ്രാവീണ്യം നേടൽ | ഹിന്ദി അക്ഷരങ്ങൾ മനസ്സിലാക്കി പദങ്ങൾ കൂട്ടിചേർത്ത് വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ. (അക്ഷരചാർട്ട്, പദചാർട്ട്, ചിത്രചാർട്ട്) | 2 മാസം | ഹിന്ദിടീച്ചർ | 500 (എസ് എസ് ജി ) |

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ഗ്രാമർ ക്ലാസ്സ്

ഉപമേഖല : ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവ് നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ക്ലാസ്സുകൾ | പ്രതിവർഷം 10ക്ലാസ്സ് | ഹിന്ദി ടീച്ചർ | 5000/- (പൂർവ്വ വിദ്യാർത്ഥി സംഘടന ) |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 3<br>പ്രവർത്തനത്തിന്റെ പേര്<br>ഉപമേഖല | : ഹിന്ദി കോർണർ<br>: ഹിന്ദി പഠനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
| ഹിന്ദി പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ പ്രസിദ്ധീരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ പൊതുസ്ഥലത്ത് ഭിത്തിയിൽ ഹിന്ദി വാർത്തകൾ, സന്ദേശവാക്യങ്ങൾ പ്രദർശിപ്പിക്കാനുള്ളബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഹിന്ദിക്ലാസ്സ് | 5000/-<br>(പൂർവ്വവിദ്യാർത്ഥി സംഘടന ) |
| പ്രവർത്തനം : 4<br>പ്രവർത്തനത്തിന്റെ പേര് :<br>ഉപമേഖല : | ഹിന്ദി അസംബ്ലി<br>ഹിന്ദി ഭാഷാപഠനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലകുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനുംഎഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും, ഹിന്ദിയിൽ സന്ദേശം നൽകൽ, ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചർ വിദ്യാർത്ഥികൾ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം – 5<br>പ്രവർത്തനത്തിന്റെ പേര്<br>ഉപമേഖല | : ദിനാചരണങ്ങൾ<br>: സമഗ്ര വികസനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിതദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ് ആർ ജി<br>ഹിന്ദിടീച്ചർ<br>ഹിന്ദി ക്ലബ് | ,, |

| | | | | |
|---|---|---|---|---|
| പ്രവർത്തനം –6<br>പ്രവർത്തനത്തിന്റെ പേര് :<br>ഉപമേഖല .. | ഹിന്ദിയിൽ സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ<br>ഹിന്ദി ഭാഷാ പ്രയോഗം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഹിന്ദി ഭാഷ സംസാരിക്കാനുള്ള പ്രാവീണ്യം നേടൽ | പരസ്പരം ഹിന്ദി ഭാഷ സംസാരിക്കാനും, മറ്റ് ഭാഷകളെ ഹിന്ദിയിലേക്ക് തർജ്ജമ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക | അക്കാദമിക വർഷം | ഹിന്ദി ടീച്ചർ | ,, |

പ്രവർത്തനം -7

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഡയറി

ഉപമേഖല : ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഹിന്ദി എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദിയിൽ ഡയറി എഴുതുക | ആഴ്ചയിൽ 5 ദിവസം | ഹിന്ദി അദ്ധ്യാപിക | ,, |

പ്രവർത്തനം -8

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി രചന

ഉപമേഖല : ഹിന്ദി ഭാഷാ പ്രയോഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിപഠനം കാര്യക്ഷമമാക്കൽ | ഹിന്ദി വിവിധ പതിപ്പുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ് | 10.000/- (എസ്.എസ് ജി) |

പ്രവർത്തനം -9

പ്രവർത്തനത്തിന്റെ പേര് :ബ്ലോഗ് നിറയ്ക്കൽ യജ്ഞം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതി മാസ പരിപാടി | ഹിന്ദി അദ്ധ്യാപിക എസ് ഐ ടി സി | ,, |

# അക്കാദമിക പ്ലാൻ

## ഇംഗ്ലീഷ് :

പ്രവർത്തനം- 1

പ്രവർത്തനത്തിന്റെ പേര്- ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കുക | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ തന്നെ (കഥ പറയൽ, കഥ എഴുതൽ, സ്കിറ്റ് തയ്യാറാക്കൽ, സംഭാഷണം-തയ്യാറാക്കൽ) | 5 ദിവസം | പി.ടി.എ, എച്ച്.എം, ഇംഗ്ലീഷ് ടീച്ചർ | 10000/- സി.എസ്. ആർ.ഫണ്ട് |

പ്രവർത്തനം:2

പ്രവർത്തനം- ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല: ഇംഗ്ലീഷ് സർഗ്ഗാത്മരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മ രചന നടത്താനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ-<br>ജൂൺ- പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം<br>ജൂലായ്- ചാന്ദ്ര ദിനം, ജനസംഖ്യാദിനം<br>ആഗസ്റ്റ്- സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ- യു.എൻ.ദിനം<br>നവംബർ- കേരളപ്പിറവി | ഓരോ മാസവും | എച്ച്.എം, ഇംഗ്ലീഷ് ടീച്ചർ | 2000/- പി.ടി.എ, പരസ്യം വഴി |

| | | | | |
|---|---|---|---|---|
| | ഡിസംബർ- ക്രിസ്തുമസ്<br>ജനുവരി- പുതുവർഷം | | | |

**പ്രവർത്തനം- 3 ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | കുട്ടികൾ തന്നെ ഇംഗ്ലീഷ് ഭാഷയിൽ അസംബ്ലി നടത്തുന്നു. പരിപാടികൾ നേരത്തേ ചാർട്ട് ചെയ്യുന്നു. കുട്ടികൾ തന്നെ അവരുടെ ചുമതലകൾ ഏറ്റെടുക്കുന്നു. അവതരിപ്പിക്കുന്നു. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു.<br>കവിപരിചയം<br>പുസ്തക പരിചയം<br>വാർത്ത, വായന<br>ക്വിസ്, പ്രഭാഷണം.<br>ദിനാചരണങ്ങൾ- കാലികസംഭവങ്ങൾ, പ്രാദേശീയ, ദേശീയ, അന്തർദേശീയ സംഭവങ്ങൾ ഉൾപ്പെടുത്തുന്നു.<br>ഓരോ ക്ലാസ്സിനും പ്രത്യേക ചുമതലകൾ നൽകുന്നു. | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ | -- |

**പ്രവർത്തനം- 4 ഇംഗ്ലീഷ് ഡയറി**

**ഉപമേഖല - ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ എഴുതാനുള്ള ശേഷി വളർത്തൽ | തെറ്റുകൂടാതെ കുട്ടികളുടെ അനുഭവങ്ങൾ (വീട്, ക്ലാസ്സ് റൂം, മറ്റുസ്ഥലങ്ങൾ, സംഭവങ്ങൾ) ഇംഗ്ലീഷിൽ ഡയറി ~~ഷിൽ~~ എഴുതാനുള്ള ശേഷി നേടുന്നു. ഓരോ ദിവസത്തെ | ആഴ്ചയിൽ എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | അനുഭവങ്ങൾ തിയ്യതി, സമയം എന്നിവ ക്രമപ്പെടുത്തി എഴുതുന്നു. | | | |

**പ്രവർത്തനം- 5 ഗ്രാമർ സ്കൂൾ**

**ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടൽ | മധ്യവേനലവധിയിലും മറ്റ് അവധി ദിവസങ്ങളിലും കുട്ടികൾക്ക് വ്യാകരണത്തിന്റെ അടിസ്ഥാന പാഠങ്ങൾ നൽകി അതിന്റെ പ്രാധാന്യത്തിൽ വാക്കുകൾ വാചകങ്ങൾ എന്നിവ എഴുതാനുള്ള ക്ലാസ്സുകൾ നൽകുന്നു | ഒരു വർഷത്തിൽ 10 ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ ഇംഗ്ലീഷ് അധ്യാപിക | 5000/- പൂർവ്വ വിദ്യാർത്ഥികൾ |

**പ്രവർത്തനം- 6 : ഇംഗ്ലീഷ് കോർണർ**

**ഉപമേഖല - ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഏത് സാഹചര്യങ്ങളിലും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ, കഥകൾ, ചെറുകവിതകൾ, കുറിപ്പുകൾ എന്നിവയുൾപ്പെടുന്ന പുസ്തകങ്ങൾ ശേഖരിച്ച് ഒരുക്കി വെക്കുക. കുട്ടികൾക്ക് എല്ലാവർക്കും കാണാവുന്ന വിധത്തിൽ പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ, ചിത്രങ്ങൾ, എന്നിവ പ്രദർശിപ്പിക്കാനുള്ള ബോർഡുകൾ സ്ഥാപിക്കുക- കാലിക, സമകാലിക സംഭവങ്ങൾ, കുട്ടികളുടെ സൃഷ്ടികൾ, പോസ്റ്ററുകൾ (ബോധവൽക്കരണം) എന്നിവ ഉൾപ്പെടുത്തുന്നു. | എല്ലാ മാസവും | ഇംഗ്ലീഷ് ക്ലബ്ബ് | 2000/- പി.ടി.എ |

# അക്കാദമിക പ്ലാൻ

## സോഷ്യൽ സയൻസ് :

പ്രവർത്തനം- 1 സാമൂഹ്യശാസ്ത്രലാബ്

ഉപമേഖല - ലാബ് ക്രമീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം, വിവരശേഖരണം, വിശകലനം, നിഗമനം എന്നിവയിലൂടെ സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ. ഇതിന്റെ ഭാഗമായി ഭൂപടങ്ങൾ, പട്ടികകൾ, ചാർട്ടുകൾ, ഇന്റർനെറ്റ് സൗകര്യങ്ങൾ, ഗ്രാഫുകൾ, പത്രികകൾ, ഉദ്ധരണികൾ, ചരിത്രശേഷിപ്പുകൾ, സ്പെസിമനുകൾ, എൽ.സി.ഡി പ്രൊജക്ടറുകൾ വിഷയവുമായി ബന്ധപ്പെട്ട സി.ഡികൾ, ഗ്ലോബ് ഗ്രന്ഥങ്ങൾ - ചരിത്രം, ഭൂമിശാസ്ത്രം, പൗരബോധം, രാഷ്ട്രതന്ത്രം, സാമൂഹ്യശാസ്ത്രം (റഫറൻസ് ഗ്രന്ഥങ്ങൾ) പഠനോപകരണ നിർമ്മാണം (മോഡൽ, സ്റ്റിൽ മോഡൽ, വർക്കിങ്ങ് മോഡൽ) | 1 വർഷം (ഘട്ടം ഘട്ടമായ നവീകരണം) | സാമൂഹ്യശാസ്ത്ര ക്ലബ്ബ്- എസ്. ആർ.ജി SS ടീച്ചർ | 5000/- എസ്.എസ്.എ, ആർ.എം.എസ്.എ |

പ്രവർത്തനം:2 പഠനയാത്ര

ഉപമേഖല: സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള സന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാംസ്കാരിക പൈതൃകത്തോടും ചരിത്രത്തോടും ആദരപൂർവ്വമായ മനോഭാവം സൃഷ്ടിക്കുകയും ഇതിലൂടെ നേരറിവ് ലഭിക്കുന്നതിനും മൂല്യ | സാമൂഹ്യശാസ്ത്ര, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര നടത്തുന്നു. അതിനുവേണ്ട ആസൂത്രണം ചെയ്യുന്നു. പോകേണ്ട സ്ഥലം, തിയ്യതി എന്നിവ നിശ്ചയിക്കൽ, അനുവാദം | 3 ടേമിൽ ഒരിക്കൽ | എസ്.എസ്. ക്ലബ്ബ്, എസ്. ആർ.ജി SS ടീച്ചർ | 10000/- |

| | | | | |
|---|---|---|---|---|
| ങ്ങൾ വളർത്തുന്നതിനും അനുഭവങ്ങൾ പങ്കിടുവാനും അവസരം ലഭിക്കുന്നു. | വാങ്ങൽ, ശേഖരിക്കേണ്ട വിവരങ്ങൾ<br>ചുമതല വിഭജനം- അനുഭവങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കൽ | | | |

പ്രവർത്തനം- 3 മോക്ക് പാർലമെന്റ്

ഉപമേഖല - പാർലമെന്റിന്റെ നടപടിക്രമങ്ങളും ചുമതലകളും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ, മനോഭാവങ്ങൾ, സാമൂഹ്യ പ്രതിബദ്ധത എന്നിവ വളർത്തുന്നു | പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ, ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ.<br>സ്പീക്കറുടെ ചുമതലകൾ<br>ഭരണപക്ഷത്തിന്റേയും പ്രതിപക്ഷത്തിന്റേയും ചുമതലകൾ- ചോദ്യോത്തരവേള- പ്രശ്നങ്ങൾ- പരിഹാരങ്ങൾ- വികസന പ്രവർത്തനങ്ങൾ- ലൈവ് ടി.വി പ്രോഗ്രാം. | 3 ടേമിലായി സമ്മേളനം നടത്തുന്നു. കലോത്സവം, കായികോത്സവം, വാർഷികാഘോഷം | എസ്.എസ്. ക്ലബ്ബ്, എസ്. ആർ.ജി, സ്കൂൾ പാർലമെന്റ് SS ടീച്ചർ | ഇല്ല |

പ്രവർത്തനം- 4 ബുള്ളറ്റിൻ ബോർഡ്

ഉപമേഖല - കാലിക സംഭവങ്ങൾ അറിയിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ പ്രാദേശിക, ദേശീയ, അന്തർദേശീയ ദിനാചരണങ്ങൾ, വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | എല്ലാ വിദ്യാർത്ഥികൾക്കും വായിക്കാൻ കഴിയുന്ന വിധം സൗകര്യമായ സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ- (വിദ്യാഭ്യാസ, ശാസ്ത്ര സാമൂഹിക- കായിക-സാംസ്കാരികം) നേട്ടങ്ങൾ ബഹുമതികൾ, കണ്ടുപിടുത്തങ്ങൾ, | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | എസ്.എസ്. ക്ലബ്ബ്, എസ്. ആർ.ജി SS ടീച്ചർ | 1500/- |

| | | | | |
|---|---|---|---|---|
| | കൗതുക വാർത്തകൾ, ക്വിസ്സ്) ചിത്രങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ | | | |

പ്രവർത്തനം- 5 കാർഷിക പാരിസ്ഥിതിക പ്രവർത്തനങ്ങൾ

ഉപമേഖല - കാർഷിക പാരിസ്ഥിതിക സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ പ്രകൃതിയോട് ചേർത്ത് നിർത്താനും അവരിൽ കാർഷിക പാരിസ്ഥിതിക അവബോധം സൃഷ്ടിക്കലും | നമ്മുടെ മണ്ണും മരവും ജലവും സംരക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടെ പരിസ്ഥിതി സംരക്ഷണ കൂട്ടായ്മയും അതിന്റെ ഭാഗമായി മഴകുഴി, ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ, ജന്മദിനത്തിന് ഒരു വൃക്ഷത്തൈ സ്കൂളിന് നൽകി നട്ടുപരിപാലിക്കൽ, ഋതുക്കൾക്കനുസരിച്ചുള്ള പച്ചക്കറിത്തോട്ടം ഒരുക്കൽ | 1 വർഷം | കാർഷിക ക്ലബ്ബ്, എസ്.എസ്. ക്ലബ്ബ്, എസ്. ആർ.ജി<br>SS ടീച്ചർ | 5000/- |

പ്രവർത്തനം- 6 : അഭിമുഖം

ഉപമേഖല - ബഹുമുഖ പ്രതിഭകളെ പരിചയപ്പെടൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ രാഷ്ട്രത്തോടുള്ള സേവന മനോഭാവം വളർത്തുക. അർപ്പണബോധം, സഹഭാവം എന്നിവ വളർത്തുന്നു. | കേരളത്തിലെ സ്വാതന്ത്ര സമരസേനാനികൾ/ ചരിത്രകാരന്മാർ/ സൈനിക ഉദ്യോഗസ്ഥർ എന്നിവരുമായി അഭിമുഖം നടത്തൽ<br>ഘട്ടങ്ങൾ-<br>1. വിഷയം തെരഞ്ഞെടുക്കൽ- അനുയോജ്യമായ സാധ്യതകളെ കണ്ടെത്തൽ<br>2. ക്ഷണിതാവിനെ പരിചയപ്പെടൽ- ചോദ്യങ്ങൾ ഉന്ന | ടേമിൽ 1 വീതം | SS ടീച്ചർ<br>എസ്.എസ്. ക്ലബ്ബ്, എസ്. ആർ.ജി | 3000/- |

| | | | | |
|---|---|---|---|---|
| | യിക്കൽ<br>3. ചോദ്യങ്ങൾ തയ്യാറാക്കൽ-സ്ഥലം സമയം നിശ്ചയിക്കൽ<br>4. വിഷയത്തേയും നൽകിയ ഉത്തരത്തേയും കുറിച്ച് റിപ്പോർട്ട് തയ്യാറാക്കലും അവതരണവും. | | | |

# അക്കാദമിക പ്ലാൻ - കൗൺസിലിംഗ്

പ്രവർത്തനം : 1

പേര് : വ്യക്തിഗത കൗൺസിലിംഗ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | മാനസിക ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾക്ക് അവ പരിഹരിക്കാനുള്ള ശേഷി ഉണ്ടാക്കുക | ഏകാഗ്രതയും, ക്ഷമയും വർദ്ധിപ്പിക്കുന്നതിന് പല നിറത്തിലുള്ള മുത്തുകൾ ഉപയോഗിച്ച് മാല കോർക്കൽ, ദേഷ്യം കുറക്കാൻ ശ്വസനവ്യായാമം ചെയ്യുക, 100 മുതൽ 1 വരെ താഴോട്ട് എണ്ണുക തുടങ്ങിയവ ......... | ദിനംപ്രതി | കൗൺസിലർ, ക്ലാസ് ടീച്ചർ | 1000/ |

പ്രവർത്തനം : 2

പേര് : ഗ്രൂപ്പ് കൗൺസിലിംഗ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഒരേ തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ ഒരുമിച്ചിരുത്തി പരിഹരിക്കാനുള്ള ശേഷി ഉണ്ടാക്കുക | ഓരോ കുട്ടിയുടെയും അഭിപ്രായങ്ങൾ ഒരുമിച്ചിരുത്തി പറയിപ്പിക്കുന്നു. മനസു തുറന്ന് സംസാരിക്കുമ്പോൾ എല്ലാവർക്കും കൂടി ഒരു തീരുമാനത്തിലെത്താൻ സാധിക്കുന്നു. | പ്രതിമാസം രണ്ടോ, മൂന്നോ പ്രാവശ്യം | കൗൺസിലർ ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : ബോധവത്ക്കരണ ക്ലാസ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1<br>2. | കുട്ടികൾക്ക് അറിവും തിരിച്ചറിവും തിരുത്തലുകളും മനസ്സിലാക്കാൻ സാധിക്കുന്നു. അറിവില്ലായ്മയെ ഇല്ലാതാക്കാനും ലഭിക്കുന്ന അറിവിലൂടെ നല്ലൊരു പ്രവർത്തനശേഷി കൈവരിക്കാനും സാധിക്കുന്നു. | ജീവിതമൂല്യങ്ങൾ, കഴിവുകളും ദുർബലതകളും, ഏകാഗ്രത ലഭിക്കൽ, കൗമാരത്തിലെ ശാരീരിക-മാനസിക മാറ്റങ്ങളും, പ്രശ്നങ്ങളും, വ്യക്തിത്വവികസനം, പഠിക്കാനും, ഓർമ്മനിലനിർത്താനുമുള്ള എളുപ്പവഴികൾ, ജീവിത നൈപുണ്യങ്ങൾ, സ്വഭാവ രൂപീകരണം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ തോറും അവബോധം നൽകൽ. | പ്രതിമാസം രണ്ടോ, മൂന്നോ പ്രാവശ്യം | കൗൺസിലർ | |

പ്രവർത്തനം : 3

പേര് : ബോധവത്ക്കരണ ക്ലാസ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3. | ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള അറിവ് എളുപ്പം ഗ്രഹസ്തമാക്കാൻ സാധിക്കുന്നു. | 2) ലഹരിയുടെ ദുഷ്യഫലങ്ങൾ, മാധ്യമങ്ങളുടെ സ്വാധീനം, മാനസികശാരീരിക പീഢനം, സൈബർ കുറ്റകൃത്യങ്ങൾ, സ്വഭാവ രൂപീകരണം, ജീവിത മൂല്യങ്ങൾ എന്നീ വിഷയങ്ങളിൽ സി.ഡി. പ്രദർശനം. | പ്രതിമാസം | | 1,000/- |
| | | 3) ഈ വിഷയങ്ങളിൽ പ്രഗത്ഭ വ്യക്തികളെ കൊണ്ടുവന്ന് എല്ലാകുട്ടികളെയും ഒരുമിച്ചിരുത്തി ബോധവത്ക്കരണ ക്ലാസ് | വർഷത്തിൽ മൂന്നു പ്രാവശ്യം | | 5,000/- |
| 4. | രക്ഷിതാക്കളിൽ അവബോധം സൃഷ്ടിയ്ക്കൽ | രക്ഷാകർതൃത്വത്തെക്കുറിച്ചും, കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും അവ പരിഹരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ് കൊടുക്കുക, ലഘുലേഖകൾ കൊടുക്കുക, പഠിക്കുവാൻ നല്ലൊരു അന്തരീക്ഷം വീട്ടിൽ ഒരുക്കികൊടുക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കികൊടുക്കുക | വർഷത്തിൽ 3 തവണ | കൗൺസിലർ, ക്ലാസ് ടീച്ചർ | 6,000/- |

പ്രവർത്തനം : 4

പേര് : ദിനാചരണങ്ങൾ

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ദിവസത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തലും അതിനെ ക്കുറിച്ച് അവബോധം സൃഷ്ടിക്കലും | അന്താരാഷ്ട്ര വനിതാദിനം, ശിശു ദിനം, ലോകമുലയൂട്ടൽ വാരം, മനുഷ്യാവകാശദിനം, ബാലാവ കാശദിനം, ലഹരിവിരുദ്ധദിനം തുടങ്ങിയ ദിനങ്ങളിൽ, പ്രസംഗ മത്സരം, പോസ്റ്റർ നിർമ്മാണം, പെൻസിൽ ഡ്രോയിംഗ്, പെയിന്റിംഗ് മത്സരം തുടങ്ങിയ പരിപാടികൾ നടത്തുക. | ഒരു വർഷം | കൗൺസിലർ | 2700/- |

പ്രവർത്തനം : 5

പേര് : സന്ദർശനങ്ങൾ

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | കുട്ടികളിൽ സ്നേഹവും കരുണയും സഹാനുഭൂതിയും വളർത്തി സാമൂഹിക പ്രതിബദ്ധത ഉണ്ടാക്കുക. | വൃദ്ധസദനം, അനാഥമന്ദിരം, ആശുപത്രി എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ച് അവിടുത്തെ പ്രശ്നങ്ങൾ മനസ്സിലാക്കാനും കുട്ടികളിൽ സാമൂഹ്യകാഴ്ചപ്പാട് ഉണ്ടാക്കാനും സാധിക്കുന്നു. | വർഷത്തിൽ 3 തവണ | കൗൺസിലർ, മറ്റു അദ്ധ്യാപകർ | 10,000/- |
| 2) | കുട്ടികളുടെ ഗാർഹിക അന്തരീക്ഷം മനസ്സിലാക്കുക, രക്ഷിതാക്കളുമായി ആത്മബന്ധം നിലനിർത്തുക(വീടു സന്ദർശനം) | കുട്ടികളുടെ വീടുകൾ സന്ദർശിച്ച് രക്ഷിതാക്കളുമായി കാര്യങ്ങൾ ചോദിച്ചറിയുന്നു, ഇടക്കിടക്ക് ഫോണിലൂടെ കുട്ടികിലൂടെ കാര്യങ്ങൾ അന്വേഷിക്കുന്നു. | വർഷത്തിൽ 2 തവണ | കൗൺസിലർ, ക്ലാസ് ടീച്ചർ | 1,000/- |

## അക്കാദമിക പ്ലാൻ
## സാമൂഹ്യശാസ്ത്രം

| S.N0 | പ്രവർത്തനത്തിന്റെപേര് | ലക്ഷ്യവും പ്രവർത്തനവും | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രലാബ് | സാമൂഹ്യശാസ്ത്ര പഠനാഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ ലാബ് ഒരുക്കുന്നു. | 1വർഷകാലം | പി ടി എ | 5000/- |
| 2 | ഡിബേറ്റ് ക്ലാസ്സുകൾ | സമകാലിക പ്രാധാന്യമുള്ള സംഭവങ്ങൾ, വാർത്തകൾ എന്നിവ ഉൾപ്പെടുത്തി വിദഗ്ദരെ ഉൾപ്പെടുത്തി ഡിബേറ്റുകൾ , പ്രഭാഷണങ്ങൾ, സെമിനാറുകൾ എന്നിവ നടത്തുന്നു. | മാസത്തിൽ | s s ക്ലബുകൾ | 1000/- |
| 3 | ബുള്ളറ്റിൻ ബോർഡ് | സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യുക എന്ന ലക്ഷ്യത്തിനുവേണ്ടി സാമൂഹ്യ ശാസ്ത്രക്ലബിലെ കുട്ടികളെ ഉൾപ്പെടുത്തി ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക. പ്രധാനവാർത്തകൾ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രധാനദിനങ്ങൾ, മന്ത്രിസഭായോഗങ്ങൾ എന്നിവ പ്രദർശിപ്പിക്കാം. | ഓരോദിവസവും | s s ക്ലബുകൾ | |
| 4 | പഠനയാത്രകൾ | സാമൂഹ്യശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര | മാസത്തിൽ ഒന്ന് | പി ടി എ | 2000/- |

| S | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യവുംപ്രവർത്തനവും | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോകഭൂപടത്തിന്റെ വലിയചിത്രം എല്ലാവരും കാണുന്ന രീതിയിൽ ചിത്രീകരിക്കുക ദിനപത്രങ്ങൾ ദിവസവും പരിശോധിച്ച് ഓരോ രാജ്യങ്ങളുമായി ബന്ധപ്പെട്ട് വരുന്ന പ്രധാന സംഭവങ്ങളും വാർത്തകളും വെട്ടിയെടുത്ത് അതാത് രാജ്യത്തിനരികിൽ ഒട്ടിച്ചുവെക്കുക. | ദിവസവും | S S ക്ലബുകൾ | 2000/- |
| 6 | ലോക്ക്പാർലമെന്റ് " | ജനാധിപത്യ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക എന്നലക്ഷ്യത്തിനുവേണ്ടി പ്രകടന പത്രികപ്രചരണം, മീറ്റ് ദി കാൻഡിഡേറ്റ് ബാലറ്റ്, പേപ്പർവെച്ചുള്ള വോട്ടെടുപ്പ്, സ്കൂൾപാർലമെന്റ് ലോക്പാർലമെന്റ് തുടങ്ങിയവ നടത്തുക | വർഷത്തിൽ 3 തവണ | S S ക്ലബുകൾ | |
| 7 | ചരിത്ര കലണ്ടർ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെ കലണ്ടർ രൂപത്തിൽ തിയ്യതികൾ എഴുതുന്നു. ദിനപത്രങ്ങളിൽ ചരിത്രവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ ശേഖരിച്ച് നിശ്ചിത തിയ്യതി വരുന്ന കള്ളികളിൽ ഒട്ടിച്ചാക്കുന്നു.1 വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ തയ്യാറാക്കുന്നു. | 1 വർഷം | S S ക്ലബുകൾ | 500/- |